പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3723

20/10/2016-ൽ
മറുപടിയ്ക്ക്

## അപമര്യാദയായി പെരുമാറിയ കോളേജ് അധ്യാപകനെതിരെ നടപടി

**ചോദ്യം**

**മറുപടി**

ശ്രീ.കെ.കുഞ്ഞിരാമൻ :

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗവ.ഗോവിന്ദപൈ മെമ്മോറിയൽ കോളേജിലെ അധ്യാപകൻ ലഹരി മരുന്ന് ഉപയോഗിച്ച് ക്ലാസ്സിൽ വരികയും പെൺകുട്ടികളോടടക്കം അപമര്യാദയായി പെരുമാറുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ വിഷയം സംബന്ധിച്ച് കോളേജിലെ രണ്ട് വിദ്യാർത്ഥിനികൾ വകുപ്പ് മന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | ഉണ്ട്; പരാതി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയ്ക്കും തുടർനടപടികൾക്കുമായി അയച്ചുകൊടുക്കുകയും പരാതിയുടെ അടിസ്ഥാനത്തിൽ മഞ്ചേശ്വരം ജി.പി.എം.ഗവൺമെന്റ് കോളേജിലെ കന്നട വിഭാഗം അദ്ധ്യാപകനെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 13.10.2016 തീയതിയിലെ വി.സി./31231/2016/കോ.വി.വ.നമ്പർ ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നു സസ്പെന്റ് ചെയ്യുകയും ചെയ്തു. |
| (സി) | മഞ്ചേശ്വരം പോലീസ് ഈ വിഷയവുമായി ബന്ധപ്പെട്ട് അധ്യാപകനെതിരെ കോളേജ് വകുപ്പ് അധികൃതർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | | നൽകിയിട്ടുണ്ട്; 27.07.2016 തീയതി വൈകുന്നേരം 4 മണിയോട്ടുകൂടി മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ കന്നട വിഭാഗം അദ്ധ്യാപകൻ ശ്രീ.കെ.ദിനേശ് കുമാർ എന്നയാൾ കോളേജിൽ മദ്യപിച്ച് ഡ്യൂട്ടിക്ക് ഹാജരായതായും ആയതിൽ പ്രതിഷേധിച്ച് വിദ്യാർത്ഥികൾ ടിയാനെ ഘെരാവോ ചെയ്യുന്നതായും വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ. ശ്രീ.രവീന്ദ്രൻ കോളേജിലെത്തി ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി ടിയാനെ സ്റ്റേഷനിലേക്ക് കൂട്ടി കൊണ്ടു പോകുകയും, ആൽക്കോമീറ്റർ പരിശോധനയിൽ 34.3 mg/100 ml എന്ന് കാണപ്പെടുകയുണ്ടായെന്നും മെഡിക്കൽ പരിശോധന നടത്തുകയോ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടില്ലെന്നും മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതിന്റെ അടിസ്ഥാനത്തിൽ അധ്യാപകനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | | ഉണ്ട്; പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വിദ്യാർത്ഥികൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിലും ശ്രീ.കെ.ദിനേശ്കുമാറിനെ സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തു. |

**സെക്ഷൻ ഓഫീസർ**